/54322/2022

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/20240/2021-WEC4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം.
പൂജപ്പുര,തിരുവനന്തപുരം
തീയതി : 02-08-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- പോസ്റ്റ് പാർട്ടം ഡിപ്രഷൻ സംബന്ധിച്ച പഠനം - അങ്കണവാടികൾ സന്ദർശിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 17.03.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് പോസ്റ്റ് പാർട്ടം ഡിപ്രഷൻ സംബന്ധിച്ച് സാധ്യത പഠനം നടത്തുന്നതിന് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയെ ചുമതലപ്പെടുത്തി സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി പഠനത്തിന്റെ ഭാഗമായി ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ടീം അംഗങ്ങൾ വകുപ്പിന് കീഴിലെ ജില്ല വനിത ശിശു വികസന ഓഫീസ്, ജില്ല തല ICDS സെൽ, ICDS ഓഫീസുകൾ, അങ്കണവാടികൾ എന്നിവ സന്ദർശിക്കുന്നതാണ്.

ടി സാഹചര്യത്തിൽ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി മുഖേന വകുപ്പ് തലത്തിൽ നടത്തുന്ന പോസ്റ്റ് പാർട്ടം ഡിപ്രഷൻ സംബന്ധിച്ച സാധ്യത പഠനത്തിന്റെ ഭാഗമായി പ്രസ്തുത ടീം അംഗങ്ങൾ വിവിധ കീഴ് കാര്യാലയങ്ങളിൽ സന്ദർശിക്കുന്ന വേളയിൽ അവർക്കാവശ്യമായ വിവരങ്ങൾ/രേഖകൾ നൽകുന്നതിന് എല്ലാ ജീവനക്കാരുടെയും സഹകരണം ഉണ്ടാകണമെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:- ഡയറക്ടർ,
ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി,
തിരുവനന്തപുരം.